# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

## കഠിനംകുളം ഗ്രാമപഞ്ചായത്ത്

വാർഡ്(1):ചേരമാൻത്തുരുത്ത്

പോത്തൻകോട് ബ്ലോക്ക്

തിരുവനന്തപുരം ജില്ല

14/11/19 മുതൽ 23/11/19 വരെ

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 23/11/19

രാവിലെ 11 മണി . ഗവണ്മെന്റ് എൽ പി സ്കൂൾ

ചേരമാൻത്തുരുത്ത്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം

സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

LMS കോമ്പൗണ്ട് ,പാളയം,തിരുവനന്തപുരം . 03

ഫോൺ നമ്പർ 0471-2724696.Email.keralasocialaudit@gmail.com

# പോത്തൻകോട് ബ്ലോക്ക്

# കഠിനം കുളം ഗ്രാമപഞ്ചായത്ത്

# വാർഡ് നമ്പർ 01

# ചേരമാൻ തുരുത്തു വാർഡ്

# <u>സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ</u>

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് നിയമം ദാരിദ്ര്യ ലഘൂകരണത്തിന് വേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ്. 2005 സെപ്റ്റംബർ 5 ന് തൊഴിലുറപ്പ് നിയമം പാർലമെന്റ് പാസ്സാക്കി. 2006

ഫെബ്രുവരിയിൽ 2 നു പദ്ധതി നിലവിൽ വന്നു. ഇന്ത്യയിലെ 200 ജില്ലകളിലാണ് ആരംഭത്തിൽ പദ്ധതി നടപ്പിലാക്കിയത്. 2006 ൽ കേരളത്തിൽ ആദ്യമായി വയനാട്, പാലക്കാട് ജില്ലകളിൽ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. 2008 ഓടെ കേരളത്തിലെ എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 അധിക തൊഴിൽ ദിനങ്ങൾ നൽകുന്നതിലൂടെ ദാരിദ്ര്യം ലഘൂകരിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന തൊഴിലുറപ്പു പദ്ധതിയിൽ ഇടനിലക്കാർ ഇല്ല. തുടക്കത്തിൽ 125 രൂപ കൂലിയിൽ നിന്നും ഘട്ടം ഘട്ടമായി 271 രൂപ നിലവിൽ ലഭിക്കുന്നു.

പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതുധനം ചിലവഴിക്കുന്നതിനെ പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ കണക്കു പരിശോധനയാണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക കണക്കു പരിശോധന. തൊഴിലുറപ്പ് നിയമം സെക്ഷൻ 17(A) പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് നടത്തണം എന്ന് നിഷ്കർഷിക്കുന്നത്. ഫയൽ പരിശോധനയിക്കും ഫീൽഡ് പരിശോധനയിക്കും തൊഴിലാളികളുമായി നടത്തിയ ആശയവിനിമയത്തിന് ശേഷവുമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയിൽ തൊഴിലാളികളിൽ നിന്ന് ഒരാളെയൊണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്.

# ഫയൽ പരിശോധന റിപ്പോർട്ട്

ചേരമാൻ തുരുത്തു വാർഡിൽ 365 തൊഴിൽ കാർഡ് ഗുണഭോക്താക്കൾ ഉള്ളതിൽ 87 ആക്റ്റീവ് തൊഴിലാളികളാണ് ഉള്ളത്.

ലൈഫ് ഭവന നിർമ്മാണ ഗുണഭോക്താക്കൾ: ഫാത്തിമുത്ത്, അസീസ ബീവി

വ്യക്തിഗത കക്കൂസ് നിർമാണ ഗുണഭോക്താക്കൾ : സൈനബ

പാട്ടകൃഷി : ആരാമം ജെ എൽ ജി

| പ്രവർത്തിയുടെ കോഡ് | തീയതി | | തുക | |
|---|---|---|---|---|
| | ആരംഭിച്ചത് | പൂർത്തിയാക്കിയത് | അനുവദിച്ചത് | ചെലവായത് |
| DP/275977 | 25/01/19 | 30/08/19 | 1,48,000 | 94,116 |
| RS/266741 | 15/09/18 | 21/09/18 | 12,000 | 12,000 |
| IF/370046 | 09/11/18 | 11/02/19 | 25,000 | 16,802 |
| IF/370014 | 09/11/18 | 11/02/18 | 25,000 | 16,802 |

പാട്ടകൃഷിയുമായി ബന്ധപ്പെട്ട ഒരു ഫയലും ലൈഫ് ഭവന നിർമാണവുമായി ബന്ധപ്പെട്ട 2 ഫയലുകളും വ്യക്തിഗത കക്കൂസ് നിർമാണവുമായി ബന്ധപ്പെട്ട 1 ഫയലും ആണ് ഞങ്ങൾ പരിശോധിച്ചത്. അതിൽ നിന്നും മനസിലാക്കിയ കാര്യങ്ങൾ താഴെ പറയുന്നു;

കവർ പേജ്

AMC പ്രകാരമുള്ള രേഖകൾ അടങ്ങിയ കവർപേജ് ഉണ്ടായിരുന്നു. എന്നാൽ ലൊക്കേഷൻ, നിയോജക മണ്ഡലം, വില്ലേജ്, implementing ഏജൻസി, ജിയോ ടാഗിംഗ് അസറ്റ് ഐഡി , വർക്ക് അസറ്റ് ഐഡി, ജിപിഎസ് ലൊക്കേഷൻ എന്നിവ

ഇല്ലായിരുന്നു.

ചക്കെക് ലിസ്ററ്

ചക്കെക്ലിസ്ററ് ഉണ്ടായിരുന്നു. പജേ നമ്പർ രഖേപ്പടുെത്തിയിട്ടുണ്ടായിരുന്നു.

ആക്ഷൻ പ്ലാൻ ഉണ്ടായിരുന്നു.

സാങ്കതേികാനുമതി ഉണ്ടായിരുന്നു. എന്നാൽ IF/370014, DP/275977 ഫയലുകളിൽ സക്രെട്ടറിയുടെ ഒപ്പും സീലും തീയതിയും രഖേപ്പടുെത്തിയിട്ടില്ല.

ഭരണാനുമതി ഉണ്ടായിരുന്നു. secure ൽ നിന്നും ലഭ്യമാകുന്ന കോപ്പി ആണ്, സക്രെട്ടറിയുടെ ഒപ്പും സീലും തീയതിയോ രഖേപ്പടുെത്തിയിട്ടുണ്ട്.

ഡീററയിൽഡ് എസ്ററിമറേ് ഉണ്ടായിരുന്നു.

ഡ്രോയിങ്സ് ആൻഡ് ഡിസൈൻ ഉൾപ്പടുെത്തിയിരുന്നു.

തൊഴിൽ ആവശ്യപ്പടെ്ടുകൊണ്ടുള്ള ഫോറം ഉണ്ടായിരുന്നു എങ്കിലും അതിൽ എന്നാണ് ആവശ്യപ്പടെ്ടത് എന്ന് തിയതി കാണിച്ചിട്ടില്ല.

തൊഴിൽ അനുവദിച്ചുകൊണ്ടുള്ള ഫോറം അപൂർണ്ണമായിരുന്നു. കൂടാതെ അതിൽ സക്രെട്ടറിയുടെ ഒപ്പ്, സീൽ, തിയതി എന്നിവയൊ രഖേപ്പടുെത്തിയിട്ടില്ല.

മസ്ററർ റോൾ

4 ഫയലുകളിലായി 30 അവിധഗ്ദ മസ്ററർ റോളുകളും 1 വിദഗ്ധ മസ്ററർ റോളുകളും ഉണ്ടായിരുന്നു. മസ്ററർ റോളുകളിൽ എം ബുക്ക് നമ്പർ, പജേ നമ്പർ എന്നിവ രഖേപ്പടുെത്തിയിട്ടില്ല.

മസ്ററർ റോളിൽ ഒന്നും തന്നെ വർക്ക് സ്ററാർട്ട് ഡറേ് കാണിച്ചിട്ടില്ല. പഞ്ചായത് സക്രെട്ടറി, ബി ഡി ഒ എന്നിവരുടെ ഒപ്പും സീലും ഉണ്ടായിരുന്നു.

പാട്ടകൃഷിയുടെ മസ്ററർ റോളുകളിൽ വടെ്ടിതിരുത്തലുകൾ കാണിച്ചിരുന്നു (5370, 6006, 6526),

മസ്ററർ റോൾ നമ്പർ - 19463 ൽ മാററ് താഴെ ഒപ്പിട്ടിട്ടില്ല.

IF/370014 ൽ പ്രതിദിന വേതനം 813 എഴുതി വെട്ടി 271 എന്ന് മാറ്റി കാണിച്ചിരിക്കുന്നു.

ഫയൽ ട്രാകിംഗ് ഫോം

wage list ഉണ്ടായിരുന്നു, എന്നാൽ വ്യക്തിഗത ഗുണഭോക്താക്കൾ ഉള്ള പ്രവർത്തികളിൽ അക്കൗണ്ടന്റ്, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പിട്ടിട്ടില്ലായിരുന്നു.

FTO ഉണ്ടായിരുന്നു.

ത്രീ സ്റ്റേജ് ഫോട്ടോ ഉണ്ടായിരുന്നു എങ്കിലും പാട്ടകൃഷിയുടെ ഫയലിൽ വച്ചിരിക്കുന്ന ഫോട്ടോ ശരിയായവ ആയിരുന്നില്ല.

ജിയോടാഗ് ഫോട്ടോഗ്രാഫ് ഉൾപ്പെടുത്തിട്ടിയിട്ടുണ്ട്.

വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു.

വ്യക്തിഗത ഗുണഭോക്താക്കളുള്ള പ്രവൃത്തികളിൽ സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല. പാട്ടകൃഷിയുടെ സൈറ്റ് ഡയറിയിൽ ചികിത്സ ചെലവ്, പണിയായുധങ്ങളുടെ വാടക എന്നിവ കാണിച്ചിട്ടില്ലായിരുന്നു.

M book ഉണ്ടായിരുന്നു.

ഫയലുകളിലെ M ബുക്കിൽ വർക്ക് കോഡ് രേഖപ്പെടുത്തിയിട്ടില്ല. മസ്റ്റർ റോൾ, വേജ് ലിസ്റ്റ് എന്നിവ പ്രകാരം M book tally ആയിരുന്നു.

മെറ്റീരിയൽ ലിസ്റ്റ് IHHL ൽ ഉണ്ടായിരുന്നു.

MIS ഇൽ നിന്നും ഡൌൺലോഡ് ചെയ്ത കോപ്പി ആണ് വച്ചിരുന്നത്.

പാട്ടകൃഷിയിൽ ജെ എൽ ജി രൂപീകരണ മിനുട്സ് ഉണ്ടായിരുന്നു എങ്കിലും ഓവർസിയർ ഒപ്പിട്ടിട്ടിലായിരുന്നു.

പാട്ടകരാർ, പ്രവർത്തി ചെയ്തിരിക്കുന്ന പുരയിടത്തിന്റെ കരം അടച്ച രസീത് (നസീമ ബീവി, അബ്ദുൽ ഷുക്കൂർ ) എന്നിവ കാണിച്ചിട്ടുണ്ടായിരുന്നു.

# ഫീൽഡ് പരിശോധന റിപ്പോർട്ട്, ഡോർ റ്റു ഡോർ വെരിഫിക്കേഷൻ റിപ്പോർട്ട്

19/11/2019 രാവിലെ 11 മണിക്ക് തൊഴിലാളികളെല്ലാം മുൻ നിശ്ചയിച്ച പ്രകാരം ചെരമാൻതുരുത്തു പാലത്തിന് സമീപം എത്തിച്ചേർന്നു. തുടർന്ന് വി ആർ പി ഗീതു 10 അവകാശങ്ങളെപ്പറ്റി തൊഴിലാളികൾക്ക് പറഞ്ഞുകൊടുക്കുകയും മറ്റു വി ആർ പിമാർ തൊഴിൽ കാർഡ് പരിശോധന നടത്തുകയും ചെയ്തു. തൊഴിലാളികൾക്ക് ആർക്കും അവരുടെ പത്ത് അവകാശങ്ങൾ കൃത്യമായി ലഭിക്കുന്നില്ല എന്ന് ഒരു പരാതി പൊതുവിൽ ഉയർന്നു. തൊഴിലാളികളുടെ ഒപ്പ്, തൊഴിൽ ലഭിച്ചതിന്റെ വിവരങ്ങൾ, ഹാജർ നില എന്നിവ അപൂർണമായ നിലയിലായിരുന്നു. മാറ്റുമാർക്ക് തൊഴിൽ കാർഡ് പൂരിപ്പിക്കുന്നത് സംബന്ധിച്ച് വ്യക്തമായ ധാരണ ഇല്ല എന്ന് അവർ സമ്മതിച്ചു. 2018-19 കാലയളവിൽ ചെയ്ത ഒരു വ്യക്തിഗത കക്കൂസ് നിർമാണം - IHHL, 2 ലൈഫ് ഭവനം, ഒരു പാട്ടകൃഷി എന്നീ ഫയലുകളുടെ അടിസ്ഥാനത്തിൽ നടത്തിയ ഫീൽഡ് പരിശോധനയിൽ ;

വ്യക്തിഗത ഗുണഭോക്താക്കളെ നേരിൽ കണ്ടു.

വ്യക്തിഗത ഗുണഭോക്താക്കൾ ഉള്ള ഈ പ്രവർത്തികൾ എല്ലാം പണി പൂർത്തീകരിച്ച നിലയിലാണെന്ന് മനസിലാക്കാൻ കഴിഞ്ഞു.

എല്ലാ പ്രവർത്തികളിലും മുഴുവൻ തുകയും ലഭിച്ചതായി അറിയാൻ കഴിഞ്ഞു.

താത്കാലിക സി ഐ ബി ആണ് സൈറ്റിൽ സ്ഥാപിച്ചിരുന്നത്.

കൂടാതെ ഫീൽഡ് പരിശോധനയിലും ഡോർ ടു ഡോർ വെരിഫിക്കേഷൻ നടത്തിയതിലും ഒന്നാം വാർഡായ ചേരമാൻതുരുത്തിൽ ഒന്നിലേറെ പാട്ടക്കൃഷി ചെയിതിട്ടുണ്ട് എന്നും ഒട്ടേറെ വ്യക്തിഗത ഗുണഭോക്താക്കൾ ഉണ്ടെന്നും മനസിലാക്കാൻ കഴിഞ്ഞു. അബുസ മാറ്റിന് പുറമെ സലീന മാറ്റിനെയും കണ്ടു. അവർ പറഞ്ഞ കാര്യങ്ങൾ :

1. സലീന മാറ്റിന്റെ കീഴിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്കു 100 പണി പൂർത്തിയായിട്ടും മുഴുവൻ തുകയും ബോണസും ലഭിച്ചിട്ടില്ല.

2. പഞ്ചായത്തിൽ നിന്നും ഓവർസിയർ കൊണ്ടു വയ്ക്കുന്ന കോൺക്രീറ്റ് സി ഐ ബി യിക്ക് തൊഴിലാളികളിൽ നിന്നും പിരിവായി 3000 രൂപ വാങ്ങിയിരുന്നു.

3. അടിസ്ഥാന സൗകര്യങ്ങൾ ഒന്നും സൈറ്റിൽ ലഭിച്ചിരുന്നില്ല.

4. മസ്റ്റർ റോളിൽ ഒപ്പിടാത്ത, ജോലിക്ക് വരിക പോലും ചെയ്യാത്ത പലർക്കും വേതനം കിട്ടിയിട്ടുണ്ട്.

5. വി എം സി മെമ്പർ ആരും സൈറ്റിൽ വരാറില്ല.

ഞങ്ങൾക്കു ലഭിച്ച ഫയൽ പ്രകാരമുള്ള പാട്ടക്കൃഷിയുടെ സൈറ്റിൽ കണ്ട കാര്യങ്ങൾ :

1. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ അവിടെ നടന്നിട്ടുണ്ട് എന്ന് മനസിലായി. 300 വാഴകുഴികളും കപ്പലണ്ടി, ചെറുപയർ, മുളക്, വെണ്ട, പയർ തുടങ്ങിയ കൃഷിയും കാണാൻ സാധിച്ചു.

2. 2 സ്വകാര്യ വ്യക്തികളുടെ രണ്ടര ഏക്കർ പുരയിടത്തിലാണ് പ്രവർത്തി

നടന്നിരിക്കുന്നത്.

3. വളരെ വ്യക്തമായ രീതിയിൽ തന്നെ പ്രവർത്തികളല്ലൊം എണ്ണി തിട്ടപ്പെടുത്താൻ കഴിഞ്ഞു.

4. താത്കാലിക സി ഐ ബി ആണ് സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ അപൂർണ്ണമായിരുന്നു.

5. ആദായം കിട്ടുന്നതിന്റെ 20% ഉടമക്ക് കൊടുക്കാറുണ്ടെന്ന് തൊഴിലാളികൾ പറഞ്ഞു.

6. സി ഐ ബി പൊതു ജനങ്ങൾ കാൺകെ സ്ഥാപിക്കണം എന്നിരിക്കെ ഈ സൈറ്റിൽ സി ഐ ബി, മോട്ടോർ റൂമിൽ ആണ് വച്ചിരിക്കുന്നത്. അതിനെ കുറിച്ച് തൊഴിലാളികളോട് ചോദിച്ചപ്പോൾ മഴ കാരണം ബോർഡ് നശിച്ചു പോകാതിരിക്കാനാണ് ഇങ്ങനെ വച്ചിരിക്കുന്നത് എന്ന് പറഞ്ഞു.

## <u>ഗ്രാമസഭ റിപ്പോർട്ട്</u>

**ചരേമാൻതുരുത്തു** വാർഡ് (1)

തീയതി : 23/11/2019

സമയം : ഉച്ചക്ക് 2.30ന്

സ്ഥലം : ചരേമാൻ തുരുത്തു ഗവണ്മന്െറ് എൽ പി സ്കൂൾ

അജണ്ട :

അധ്യക്ഷയെ തരെഞ്ഞെടുക്കൽ

ഈശ്വര പ്രാർത്ഥന

ഭരണഘടനാ പ്രതിജ്ഞ

സ്വാഗതം

റിപ്പോർട്ട് അവതരണം

ചർച്ച

തീരുമാനം

കൃതജ്ഞത

കഠിനംകുളം ഗ്രാമ പഞ്ചായത്തിലെ ഒന്നാം വാർഡായ ചരേമാൻ തുരുത്തിലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യം 2.30 ന് ആരംഭിച്ചു. പഞ്ചായത്ത് പ്രസിഡൻറ്, ഡറ്റോ എൻട്രി ഓപ്പററ്റേർ, എ ഇ, വാർഡ് മമ്പെർ ശ്രീ അബ്ദുള്ള, തൊഴിലാളികൾ എന്നിവർ ഗ്രാമസഭയിൽ പങ്കടെുത്തു. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ അധ്യക്ഷയായി തൊഴിലുറപ്പിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ ശ്രീമതി മദീന ഉമ്മാളിനെ തിരഞ്ഞെടുത്തു. ശഷേം ഈശ്വരപ്രാർത്ഥനയോടു കൂടി ഗ്രാമസഭ ആരംഭിച്ചു. വി ആർ പി ഗീതു

ഭരണഘടന പ്രതിജ്ഞ ചൊല്ലുകയും. വാർഡ് മെമ്പർ സ്വാഗതം ആശംസിക്കുകയും ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയ്ക്ക് ആശംസകൾ അറിയിച്ചു. വി ആർ പി സുചിത്ര സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയെക്കുറിച്ചും ഓരോ വാർഡിലും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ നടത്തേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് വിശദമാക്കി. വി ആർ പി അനീഷ തൊഴിലാളികളുടെ പത്ത് അവകാശങ്ങൾ വിശദമാക്കുകയും വി ആർ പി അരുണിമ സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. റിപ്പോർട്ട് അവതരണത്തിനു ശേഷം ചർച്ച ആരംഭിച്ചു. തൊഴിലാളികൾ അവരുടെ പരാതികളും ആവശ്യങ്ങളും ചർച്ചയിൽ മുന്നോട്ടുവച്ചു. തൊഴിലാളികൾ മുന്നോട്ടുവെച്ച ആവശ്യങ്ങളും പരാതികളും:

> അബുസാ മറ്റേ്

ബുഷ്റ എന്ന തൊഴിലാളി മസ്റ്റർ റോളിൽ ഒപ്പിട്ട ശേഷം കുഞ്ഞിന്റെ ആവശ്യത്തിനായി സ്കൂളിൽ പോയത് കൊണ്ടാണ് പേരിനു മുകളിൽ അബ്സന്റ് രേഖപ്പെടുത്തിയത്.

> അലിഖത്ത്

മസ്റ്റർ റോളിൽ 1623 എഴുതി വെട്ടി 813 എന്ന് ആക്കിയത് മാറ്റ് ആയ ഞാൻ അല്ലന്നെും ഓവർസിയർ ആണ് കണക്ക് എഴുതിയതന്നെും അഭിപ്രായപ്പെട്ടു. ടോട്ടൽ അറ്റൻഡൻസ് വെട്ടുന്നത് കൂട്ടി എഴുതുമ്പോൾ വരുന്ന മിസ്റ്റേക്ക് ആണ്.

> സലീന

100 പണി തികഞ്ഞിട്ടും ആയിരം രൂപയും ബാക്കി വേദനവും ലഭിച്ചിട്ടില്ല

> സീന

സമയം നാലുമണി വരെ ആക്കണം ശമ്പളം 300 രൂപ എങ്കിലും ആയി ഉയർത്തണം. മറ്റേുമാർ കുറച്ചു പേരെ മാത്രം പാട്ടകൃഷിയിൽ ഉൾപ്പെടുത്തുന്നു എല്ലാവരെയും ഉൾപ്പെടുത്തി കൊണ്ടുള്ള തൊഴിലുറപ്പ് നടത്തണം.

> ഷൈലജ

100 പണി ലഭിക്കണം വർഷത്തിൽ 40 പണി പോലും ലഭിക്കുന്നില്ല.

> ഐഷത്ത്

പാട്ടകൃഷി ചെയ്ത സ്ഥലത്ത് കൃഷികൾ നശിപ്പിച്ചു കൊണ്ട് ഉടമസ്ഥർ സ്ഥലം വൃത്തിയാക്കുന്നു.

> ഹാജിറ

കഴിഞ്ഞ സാമ്പത്തിക വർഷം 12 ദിവസത്തെ ജോലി മാത്രമേ ലഭിച്ചുള്ളൂ, കൂടുതൽ ജോലി ലഭിക്കണം.

ശേഷം ഡിഇഒ 100 പണി ലഭിച്ചിട്ടും വേതനത്തിന്റെ പകുതിയും ബോണസും ലഭിക്കാത്തവർ പാസ്ബുക്ക് ബാങ്കിൽ കൊണ്ടുപോയി പരിശോധിച്ച ശേഷം എൻ ആർ ഇ ജി സെക്ഷനിൽ വന്നാൽ അത് വ്യക്തമാക്കി തരാം എന്നും അറിയിച്ചു. 1000 രൂപ 100 പണി ചെയ്യുന്നവർക്ക് അയച്ചിട്ടുണ്ടെന്നും മസ്റ്റർ റോൾ ഫിൽ ചെയ്യാൻ അറിയാത്തവർക്ക് ഇനിയും പറഞ്ഞു തരാം എന്നും ഒരു ബുക്കിൽ എത്ര പേർ ജോലി ചെയ്താലും അവരുടെ ഫോട്ടോ തൊഴിൽബുക്കിൽ ഒട്ടിക്കണമെന്നും അത് സീൽ ചെയ്യണം എന്നും അത് പഞ്ചായത്തിൽ കൊണ്ടുവന്നാൽ ചെയ്തു തരാം എന്നും അഭിപ്രായപ്പെട്ടു.

ശേഷം എ ഇ തൊഴിലാളികളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകി. ഒരു റേഷൻ കാർഡിൽ ഉള്ള എത്ര വ്യക്തികൾക്ക് വേണമെങ്കിലും തൊഴിൽ ചെയ്യാം എന്നാൽ എല്ലാവരും തൊഴിൽ ബുക്കിൽ ഫോട്ടോ ഒട്ടിച്ചിരിക്കണം.

അവർക്കലെല്ലാവർക്കും കൂടി 100 പണിയെ കിട്ടൂ എന്നും അറിയിച്ച്ചു.

മറ്റേ് /കൺവീനർ മസ്റ്റർ റോളിൽ തീർച്ച്ചയായും ഒപ്പ് രഖേപ്പടുെത്തണമെന്നും മസ്റ്റർ റോൾ ഫിൽ ചെയ്യാൻ അറിയാത്ത മറ്റേ്മാരെ ഞങ്ങൾ സഹായിച്ച്ചു കൊടുക്കാമെന്നും മസ്റ്റർ റോൾ വെട്ടി തിരുത്തിയാൽ അതിന്റെ റിമാർക്സ് തീർച്ച്ചയായും കാണിച്ച്ചിരിക്കണം എന്നും പറഞ്ഞു. ജോലി കണ്ടെത്തി നിങ്ങൾ തന്നെ കൊണ്ടുവരണമെന്നും ഗ്രൂപ്പുകൾ രൂപീകരിക്കണമെന്നും അഭിപ്രായപ്പെട്ടു. പാട്ടകൃഷിയിൽ പെർമനെൻറ് ബോർഡ് വയ്ക്കാൻ കഴിയില്ലെന്നും താത്കാലിക ബോർഡ് ആണ് വെക്കുന്നതെന്നും ആ ബോർഡ് തൊഴിൽ സ്ഥലത്ത് തന്നെ സ്ഥാപിക്കണമെന്നും അറിയിച്ച്ചു. അധ്യക്ഷയുടെ നിർദ്ദേശപ്രകാരം ചർച്ചയ്ക്ക് ശേഷം റിപ്പോർട്ട് എല്ലാവരും കയ്യടിച്ച്ചു പാസാക്കി.

ശേഷം സലീന മറ്റേ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിച്ച്ചു. ദേശീയ ഗാനത്തോടുകൂടി അധ്യക്ഷ ഗ്രാമസഭ പിരിച്ച്ചുവിട്ടു.

**തയ്യാറാക്കിയത്:**

**VRP അനീഷ ആനന്ദ്**

**VRP അരുണിമ എ ജെ**

**VRP ഗീതു ജി**

**VRP സുചിത്ര**